## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.2380** — 17.08.2017-ൽ മറുപടിയ്ക്ക്

### <u>കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഒ.രാജഗോപാൽ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.<br>i. കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള തിയേറ്ററുകൾ ആരംഭിക്കുന്നതിനും, ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് രൂപീകരിക്കുന്നതിനും, ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയാക്കുന്നതിനും വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>ii. നോർത്ത് പറവൂരിലെ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കി മാറ്റുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ അനുവദിച്ച നാലുകോടി രൂപ ചെലവഴിച്ചാണ് ഈ പദ്ധതി പൂർത്തീകരിക്കുന്നത്.<br>iii. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിലവിലുള്ള പ്രിവ്യൂ തിയേറ്ററിനെ 16 ലക്ഷം രൂപ ചെലവഴിച്ച് ഒരു 7.1 സൗണ്ട് മിക്സിംഗ് തിയേറ്റർ ആക്കി മാറ്റി.<br>iv. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 10 ലക്ഷം രൂപ ചെലവാക്കി ഒരു പ്രീമിക്സിംഗ്-ട്രാക്ക് ലെയിംഗ് സ്യൂട്ട് സ്ഥാപിച്ചു.<br>v. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ 27.64 ലക്ഷം രൂപ ചെലവഴിച്ച് ഡി.ഐ.അസിസ്റ്റ് സ്ഥാപിച്ചു.<br>vi. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തിയേറ്റർ ആധുനികരീതിയിൽ നവീകരിച്ച് രണ്ട് തിയേറ്ററുകളാക്കുന്ന പദ്ധതി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ